(ബി) പദ്ധതിയിനത്തിലുള്ള ഫണ്ടുകൾ ഉപയോഗിച്ച് ആതുര സേവനരംഗം മെച്ചപ്പെടുത്തുന്നതിനും അതുവഴി മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ നിർധനരായ രോഗികൾക്ക് സൗജന്യമായും സമൂഹത്തിന് മൊത്തത്തിലും പ്രയോജനപ്പെടുന്ന രീതിയിലുള്ള പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കികൊണ്ടിരിക്കുന്നത്.

(സി, ഡി) ഉപകരണങ്ങൾ വാങ്ങുന്നതിനും അവയുടെ പരിപാലനത്തിനുമായി ഓരോ വർഷവും ബഡ്ജറ്റിൽ തുക വകയിരുത്താറുണ്ട്. അതനുസരിച്ച് പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കുന്നുണ്ട്.

ഡെങ്കിപ്പനി ബാധിച്ചവർക്ക് വീണ്ടും പനി വരുന്നത് തടയാൻ നടപടി

124 [5269] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ

„ റ്റി. വി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരിക്കൽ ഡെങ്കിപ്പനി ബാധിച്ചവർക്ക് വീണ്ടും ഈ പനി വന്നാൽ അത് 'ഡെങ്കി ഹെമറേജ്' (രക്തസ്രാവത്തിലൂടെ) ആയി മാറുമെന്നും ഇതിൽ മരണ സാദ്ധ്യത വളരെ കൂടുതലാണെന്നും ഉള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ദുഃസ്ഥിതി തടയാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) ഉണ്ട്. അടിയന്തിര നടപടികളായി രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും ആവശ്യമായ ടെസ്റ്റു കിറ്റുകളും മരുന്നുകളും മറ്റും ലഭ്യമാക്കുകയും, ഒപ്പം തന്നെ കൊതുകു നശീകരണം, പരിസര ശുചീകരണ പ്രവർത്തനങ്ങൾ, ആരോഗ്യ വിദ്യാഭ്യാസ പരിപാടികൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ നടത്തുകയും ചെയ്യുന്നുണ്ട്.

മരുന്ന് യഥാസമയം വിതരണം ചെയ്യുന്നതിലുണ്ടായ അനാസ്ഥ

125 [5270] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ചപ്പനി നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയിൽ ട്രഷറിയിൽനിന്നും പിൻവലിക്കാതെ ബാക്കിനിൽക്കുന്ന തുക എത്രയാണ്;

(ബി) ഈ തുക ചെലവഴിക്കുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർക്ക് സർക്കാർ നൽകിയ നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

(സി) ട്രഷറിയിൽനിന്നും തുക പിൻവലിക്കുന്നതിലും മരുന്നു യഥാസമയം വാങ്ങി വിതരണം ചെയ്യുന്നതിലും ഉണ്ടായ അനാസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ കൈക്കൊണ്ട നടപടി വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly